9594
29/5/19

**കേരള സർക്കാർ**

<u>സംഗ്രഹം</u>

മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധി- പത്തനംതിട്ട ജില്ല-റാന്നി താലൂക്ക്,അയിരൂർ വില്ലേജ്- തീപൊള്ളലേറ്റ് മരണപ്പെട്ട കുമാരി കവിതാ വിജയകുമാറിന്റെ ചികിത്സയ്ക്കുള്ള ചെലവ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡിആർഎഫ് - എ) വകുപ്പ്**

**സ.ഉ.( സാധാ)നം: 1062/2018 /റവ. തിരുവനന്തപുരം, തീയതി, 03/05/ 2018**

---

പരാമർശം:- പത്തനംതിട്ട ജില്ലാ കളക്ടറുടെ 16/03/2019-തീയതിയിലെ ബി3-204395/19 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിൽ അയിരൂർ വില്ലേജിൽ, കാഞ്ഞീറ്റുകര ചരുവിൽ കിഴക്കേ മുറിയിൽ വീട്ടിൽ വിജയകുമാറിന്റെ മകൾ കവിതാ വിജയകുമാറിനെ തിരുവല്ല ചിലങ്ക തിയേറ്ററിനു സമീപം വച്ച് ഒരു യുവാവ് പെട്രോൾ ഒഴിച്ച് തീ കൊളുത്തി കൊലപ്പെടുത്താൻ ശ്രമിച്ചതായും, പെൺകുട്ടി ഗുരുതരാവസ്ഥയിൽ എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ചികിത്സയിലാണെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്യുകയും, കുടുംബത്തിന്റെ ദയനീയസ്ഥിതി പരിഗണിച്ച് ചികിത്സാ സഹായം നൽകേണ്ടതാണെന്നു ശുപാർശ നൽകുകയും ചെയ്തിരുന്നു. പെൺകുട്ടി ഇതിനകം മരണപ്പെട്ടു.

മേൽ സാഹചര്യത്തിൽ കുമാരി കവിതാ വിജയകുമാറിന്റെ ചികിത്സയ്ക്ക് ചെലവായ തുക പൂർണ്ണമായും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു. അതിലേക്ക് ചെലവായ തുക പത്തനംതിട്ട ജില്ലാകളക്ടർ മുഖാന്തിരം ചികിത്സ നൽകിയ ആശുപത്രിക്കു നൽകുന്നതിനും ഉത്തരവാകുന്നു. ചികിത്സ സംബന്ധിച്ച വിശദമായ ബില്ല് ജില്ലാ കളക്ടർ കൗണ്ടർ സൈൻ ചെയ്ത് സമർപ്പിക്കുന്ന മുറയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെ 2075-00-800-40 contribution of Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും പണം നൽകുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ഗീത.എൽ,
സ്പെഷ്യൽ സെക്രട്ടറി

ജില്ലാ കളക്ടർ, പത്തനംതിട്ട
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
M/S.Ernakulam Medical Centre (P) Ltd, NH Bypass, Kochi-682028
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ